കേരള സർക്കാർ

# തിരുമാറാടി ഗ്രാമപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി9)2440/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 07.01.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുമാറാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുമാറാടി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

<u>പകർപ്പ് :-</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി9)2440/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : doekm.ksad@kerala.gov.in

തീയതി : 07.01.2017

# എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.08.2015 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനേ മറുപടി ലഭിച്ചിട്ടുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ പ്പെടുത്തുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഡി.സുരേഷ് രാജു, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റ് നടത്തിയ തീയതി | 23.12.2016 മുതൽ 30.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സാലി ജേസഫ്, ഓഡിറ്റ് ഓഫീസർ |
| | ഉമ .ജി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ബബിത ബി കുമാർ, സീനി.ഗ്രേഡ്.ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | വൽസമ്മ ഭാസ്കരൻ | 1.4.2015 | 8.7.2015 |
| | രമ മുരളീധര കൈമൾ | 9.7.2015 | 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 1.11.2015 | 11.11.2015 |
| | ഒ.എൻ. വിജയൻ | 12.11.2015 | 31.3.16 |

| | | | |
|---|---|---|---|
| വൈസ് പ്രസിഡന്റ് | അലക്സാണ്ടർ മത്തായി | 1.4.2015 | 8.7.2015 |
| | ജോബി ജോൺ | 9.7.2015 | 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 1.11.2015 | 11.11.2015 |
| | പുഷ്പലതാ രാജു | 12.11.2015 | 31.3.16 |

സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ്

| | | | |
|---|---|---|---|
| വികസന കാര്യം | സ്മിത സാജു | 1.4.2015 | 30.10.2015 |
| | സാജു ജോൺ | 12.11.2015 | 31.3.16 |
| ക്ഷേമകാര്യം | ജോസ് മാത്യു | 1.4.2015 | 30.10.2015 |
| | രമ മുരളീധര കൈമൾ | 12.11.2016 | 31.3.16 |
| വിദ്യാഭ്യാസം & ആരോഗ്യ കാര്യം | മേഴ്സി ബാബു | 1.4.2014 | 30.10.2015 |
| | കെ ആർ രാജൻ | 12.11.15 | 31.3.16 |

| | | | |
|---|---|---|---|
| സെക്രട്ടറി | ടി.ജി.കനകാംബരൻ, അസിസ്റ്റന്റ് സെക്രട്ടറി (അധിക ചുമതല) | 1.4.2014 | 30.7.2015 |
| | രമേശ്. ജി. | 31.7.2015 | 31.3.2015 |
| അസിസ്റ്റന്റ് സെക്രട്ടറി | ടി.ജി.കനകാംബരൻ | 1.4.2015 | 31.3.2016 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ബെന്നി കെ. മാത്യു | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.മെർലിൻ | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.സിജോ ജോസ് | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അമ്പിളി | 1.4.2015 | 31.3.2016 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. മണി | 1.4.2015 | 31.3.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | കെ.എസ്.പുരുഷോത്തമൻ | 1.4.2015 | 31.3.2016 |
| ഹെഡ് മിസ്ട്രസ് GLPS, മണ്ണത്തൂർ | മേരി പൗലോസ് | 1.4.2015 | 31.3.2016 |
| വെറ്ററിനറി സർജൻ | ഡോ.ക്ലെയർ.ആർ.സെസിൽ | 1.4.2015 | 31.3.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ലാൽ പ്രസാദ് | 1.4.2015 | 31.3.2016 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ജെയിംസ് ജോസഫ് | 1.4.2015 | 31.3.2016 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം – 2 | |
| 11 | തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ | 2-1 |
| 12 | വാടക കുടിശ്ശിക ഈടാക്കിയില്ല | 2-2 |
| | ഭാഗം – 3 | |
| 13 | അധിക നിരക്ക് നൽകി | 3-1 |
| 14 | മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി ആനുകൂല്യം നൽകി – ചെലവ് തടസ്സപ്പെടുത്തുന്നു. | 3-2 |
| 15 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു. | 3-3 |
| 16 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല – ചെലവ് തടസ്സപ്പെടുത്തുന്നു. | 3-4 |
| 17 | പാലിയേറ്റീവ് കെയർ പദ്ധതി - വാഹന ഉപയോഗം – മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 3-5 |
| 18 | എസ്.സി. കുട്ടികൾക്ക് പഠനമുറി - മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 3-6 |
| 19 | എടായ്ക്കൽ ലിഫ്റ്റ് ഇറിഗേഷൻ | 3-7 |
| | ഭാഗം – 4 | |
| 20 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 21 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 23 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 24 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 25 | ഓഡിറ്റ് റിക്കവറി | 4-6 |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 29 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 | അനുബന്ധം.1 |
| 30 | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം.2 |
| 31 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.3 |
| 32 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 07.03.2015ലെ 47/15 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവുകളുടേയും യഥാർത്ഥ വരവ്-ചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 8,12,84,300 | 8,15,28,925 |
| വാർഷിക കണക്കുകൾ പ്രകാരം | 2,76,76,007 | 4,03,84,003 |
| വ്യത്യാസം | 5,36,08,293 | 4,11,44,922 |

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവുകളും യഥാർത്ഥ വരവ്-ചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ വസ്തുതാപരമായി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 30.6.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

ഓഡറ്റ് വേളയിൽ പരിശോധിച്ചു, അപാകതകൾ ഇല്ല. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,29,02,422 |
| വരവ് | 2,76,76,007 |
| ആകെ | 5,05,78,429 |
| ചെലവ് | 4,03,84,003 |
| നീക്കിയിരിപ്പ് | 1,01,94,426 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | സറണ്ടർ ചെയ്ത തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 2614627 | 10112520 | 12727147 | 4185163 | 2978203 | 8541984 |
| വികസനഫണ്ട് (എസ്.സി.പി) | 1984622 | 4552122 | 6536744 | 2210526 (*) | 1571122- | 2763096 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 28000 | 28000 | 28000 | - | - |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 5210082 | 11578000 | 16788082 | 14415214 (**) | - | 2055802 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1248817 | 2320000 | 3568817 | 2950148 | - | 618669 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1984510 | 4284641 | 6268151 | 6267971 | 1364046 | 180 |
| ലോക ബാങ്ക് സഹായം | 1015425 | 43035 | 1058460 | 1058460 | 43035 | - |

**(*)** സംരക്ഷണ ഗ്രാന്റ് (റോഡ്) ചെലവിലെ 3,17,066/- രൂപയുടെ വ്യത്യാസം വ്യക്തമാക്കപ്പെടേണ്ടതാണ്.
**(**)** വികസനഫണ്ട് (എസ്.സി.പി.) 4,13,900/- രൂപയുടെ വ്യത്യാസം വ്യക്തമാക്കപ്പെടേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 138 | 4,39,29,903 | 116 | 3,04,63,651 | - | 22 | 84% |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെപ്പറയും പ്രകാരം 26% ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 33,15,631 | 24,14,184 | (-) 9,01,447 | (-)27% |
| നികുതിയേതര വരവുകൾ | 9,48,237 | 5,52,760 | (-) 3,95,477 | (-)41.70% |
| മറ്റുവരവുകൾ | 64,066 | 2,22,871 | (+) 1,58,805 | (+)247.87 |
| ആകെ | 43,27,934 | 31,89,815 | (-) 11,38,119 | (-)26.29% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 66,000 | 47 |

| | | | |
|---|---|---|---|
| 2 | കർഷകതൊഴിലാളി പെൻഷൻ | 20,76,000 | 391 |
| 3 | വിധവാപെൻഷൻ | 38,19,000 | 489 |
| 4 | വാർദ്ധക്യകാലപെൻഷൻ | 48,78,000 | 936 |
| 5 | വികലാംഗപെൻഷൻ | 9,62,200 | 148 |
| 6 | വിവാഹ ധനസഹായം | 1,20,000 | 4 |
| 7 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 48,800 | 51 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.12.2016ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 17463/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത, പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 19.12.16 | 1.11.16 – 30.11.16 | - | - |
| 2 | അക്കൗണ്ടൻറ് ജനറൽ ഓഡിറ്റ് | 24.09.2014 മുതൽ 09.10.2014 വരെ | 2009 മുതൽ 2014 വരെ | 20.11.2014 | - |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

(എ) 2015-16 സാമ്പത്തികവർഷത്തിൽ പഞ്ചായത്ത് വാഹനത്തിന്റെ ഡ്രൈവറിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് / കാലയളവ് | ജോലി ചെയ്ത ദിവസം | കൈപ്പറ്റിയ വേതനം | ഈടാക്കേണ്ട തൊഴിൽനികുതി |
|---|---|---|---|---|
| 1 | അജി.എം.ജി.(2015 മാർച്ച് മുതൽ ജൂൺ വരെ) | 105 | 47250 | 450 |
| 2 | ജോർജ്.പി.ഐ(2015ജൂലൈ മുതൽ 2016 ജനുവരി വരെ) | 131 (10/15–1/16) | 58950 | 450 |

ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു സെക്രട്ടറിക്ക് നല്കിയ എൻക്വയറിക്ക് (നം.1 തീയതി 24.12.2016) നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിക്കുകയാണുണ്ടായത്.

(ബി) സ്ഥാപനതൊഴിൽനികുതി ഈടാക്കിയില്ല
2015-16 സാമ്പത്തികവർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട തൊഴിൽ നികുതി (2 അർദ്ധവർഷവും ഉൾപ്പെടെ) |
|---|---|---|
| 1 | മാവേലി സ്റ്റോർ മണ്ണത്തൂർ | 2500 |
| 2 | മാവേലി സ്റ്റോർ വെട്ടിമൂട് | 2500 |
| 3 | മാവേലി സ്റ്റോർ തിരുമാറാടി | 2500 |

ടി സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കാവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(സി) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല
2015-16 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിലെ വിവിധമരാമത്ത് പ്രവൃത്തികളുടെ കരാറുകാരായിരുന്ന താഴെ പറയുന്നവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

(i)പി.ജി.സുരേഷ് കുമാർ, പുതുശ്ശേരികുന്നേൽ, സൗത്ത് മാറാടി
(ii)സജി വർഗീസ്, മുട്ടത്ത്, കാക്കൂർ പി.ഓ, തിരുമാറാടി
(iii)എം.സി.രാജൻ, മണിയിൽ, മേമുറി, പാമ്പാക്കുട
(iv)ഷാജികുമാർ.കെ.കെ., കരിമ്പനക്കൽ, കാക്കൂർ
(v)ബേസിൽ.കെ.ഡേവിഡ്, കുഴപ്പിള്ളിൽ, പാമ്പാക്കുട
(vi)പി.എച്ച്.ഇല്യാസ്, പുള്ളിച്ചാലിൽ, പേഴക്കാപ്പിള്ളി പി.ഓ
(vii)മെ.കോഡ്സ് കൺസ്ട്രക്ഷൻസ്, അക്കക്കുളങ്ങര ബിൽഡിംഗ്സ്, ഓലിയപ്പുറം
(viii)ഇ.സി.വർഗീസ്, ഇടമനച്ചിറ,കരിമ്പന, കൂത്താട്ടുകുളം
(ix)ബിനു.പി.രാജൻ, വളശ്ശേരിൽ, മണ്ണത്തൂർ പി.ഒ.

ഇവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-2 വാടക കുടിശ്ശിക ഈടാക്കിയില്ല

2015-16 സാമ്പത്തികവർഷത്തിൽ വാടകയ്ക്ക് നല്കിയ 3 ഷോപ്പിംഗ് കോംപ്ലക്സുകളിലെ ഏതാനും മുറികളിൽ നിന്നുള്ള വാടക ഇപ്പോഴും കുടിശ്ശികയായി തുടരുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. കാക്കൂർ ഷോപ്പിംഗ് കോംപ്ലക്സ്

കെട്ടിട നം.10/440 വാടകയ്ക്കെടുത്ത ശ്രീ.പി.ഡി.കൈലാസൻ എന്ന വ്യക്തിയിൽ നിന്നും 462/- രൂപ നിരക്കിൽ 5544/- രൂപ (462x12) പഞ്ചായത്തിന് ലഭിക്കുവാനുണ്ട്.

2. ഒലിയപ്പുറം ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നം. | കെട്ടിട നം. | പേര് | ലഭിക്കുവാനുള്ള വാടക |
|---|---|---|---|
| 1 | 6/164 | എം.വി.കുര്യൻ | 665x3=1995 |
| 2 | 6/165 | എം.വി.കുര്യൻ | 630x3=1890 |
| 3 | 6/166 | എം.വി.കുര്യൻ | 637x3=1911 |
| 4 | 6/167 | ജോൺസൺ | 577x3=1731 |
| 5 | 6/168 | ഓമനക്കുട്ടൻ | 671x2=1342 |
| 6 | 6/170 | ജിസ്സി സണ്ണി | 2468x2=4936 |

3. വനിതാവ്യവസായകേന്ദ്രം

കെട്ടിട നം. 2/73 ലെ വാടകയായ 2208/- രൂപ (184x12) ഇതുവരെ ലഭിച്ചിട്ടില്ല.
മേൽ പറഞ്ഞ കെട്ടിടങ്ങളുടെ വാടക കുടിശ്ശികസഹിതം ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അധിക നിരക്ക് നൽകി - ചെലവ് തടസ്സപ്പെടുത്തുന്നു.

താഴെപ്പറയുന്ന സ്പിൽ ഓവർ പ്രവർത്തികൾക്ക് 2012 schedule of rate പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നേടിയിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രവർത്തികളുടെ ഏതാനും ഇനങ്ങൾക്ക് അനുവദനീയമായതിലും അധിക നിരക്ക് അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

I. കാക്കൂർ – തട്ടായത്ത് ഡ്രെയിൻ നിർമ്മാണം

| | |
|---|---|
| പ്രോജക്ട് നം./പേര് | S065/15 കാക്കൂർ -തട്ടായത്ത് ഡ്രെയിൻ നിർമ്മാണം |
| അടങ്കൽ | ₹.3,00,000- |
| ചെലവ് | ₹.2,85,000 - |
| ബിൽ നം. | 35/15-16 തീ. 21/08/15, Amt.₹.2,85,000/- |
| എം ബുക്ക് നം | 45/14-15 (കരാർ പ്രവൃത്തി) |
| നിർവ്വഹണം | അസി. എഞ്ചിനീയർ |

| ഇനം | അളവ് | അനുവദനീയമായ നിരക്ക് | നല്കിയ തുക | അധികം നല്കിയ തുക |
|---|---|---|---|---|
| Earth work excavation in Hard soil | 41.67m3 | 2373.69/10m3<br>9891.16 | 2710/10m3<br>11292.5 | 1401/- |
| c.c 1:3:6(60% 40mm,40% 20mm) | 3.772m3 | 6691/ -m3<br>25238.4 | 8359/-m3<br>31530.1 | 6291/- |
| ആകെ | | | | 7692/- |

II. ടാഗോർ ഓഡിറ്റോറിയം പുനരുദ്ധാരണം

| | |
|---|---|
| പ്രോജക്ട് നം./പേര് | S0 /15 ടാഗോർ ഓഡിറ്റോറിയം പുനരുദ്ധാരണം |
| അടങ്കൽ | 1,00,000- |
| ചെലവ് | 94,249 - |
| ബിൽ നം. | 30/15-16 തീ. 17/08/15, Amt.94,249/- |
| എം ബുക്ക് നം | 52/14-15 (കൺവീനർ പ്രവൃത്തി) |
| നിർവ്വഹണം | അസി. എഞ്ചിനീയർ |

| ഇനം | അളവ് | അനുവദനീയമായ നിരക്ക് | നല്കിയ തുക | അധികം നല്കിയ തുക |
|---|---|---|---|---|
| Solid block Masontry | 6.35m3 | 3047.29/m3<br>19350.29 | 3605/m3<br>22891.75 | 3541/- |
| ആകെ | | | | 3541/- |

ഇപ്രകാരം അധിക നിരക്കിൽ പ്രവൃത്തി നടപ്പാക്കിയതിനാൽ 11,233/- (7692+3541) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ഇത് സംബന്ധിച്ച് 27.12.2016ൽ നൽകിയ 3ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് തൃപ്തികരമായ മറുപടി ലഭിച്ചിട്ടില്ല).

## 3-2 മാർഗ്ഗരേഖക്കു വിരുദ്ധമായി ആനുകൂല്യം നൽകി - ചെലവ്

## തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ – 0056/16
അടങ്കൽ – ₹.3,35,619/-
ചെലവ് – ₹.3,10,950/- (ബിൽ നം.746 തീയതി 16.03.2016)

GO(R T) 787/2015, LSGD 18.03.15 പ്രകാരം പ്രൊഫഷണൽ, പോസ്റ്റ് ഗ്രാജ്വേറ്റ് കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകളിലും, പോളിടെക്നിക്കിലും പഠിക്കുന്ന പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ/ലാപ്പ് ടോപ്പ് വാങ്ങി നൽകുന്നതിന് വിഭാവനം ചെയ്യുന്നു. തിരുമാറാടി ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതി നടപ്പാക്കിയതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ഒരു ലാപ് ടോപ്പ് , ലാപ് ടോപ്പ് ബാഗ് എന്നിവക്ക് 32904.76 രൂപാ നിരക്കിൽ online infoworld, Mulanthuruthy എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്.

2. ലാപ് ടോപ് ലഭിച്ച വിദ്യാർത്ഥികളിൽ രണ്ട് പേർ മാത്രമാണ് കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകളിൽ പഠിക്കുന്നത്.

| വിദ്യാർത്ഥിയുടെ പേരും മേൽവിലാസവും | പഠിക്കുന്ന കോഴ്സ് |
|---|---|
| അഖില ഷെല്ലി, പാറശ്ശേരിൽ, മണ്ണത്തൂർ | ബി ഫാം, എം ജി യൂണിവേഴ്സിറ്റി. |
| അഭിജിത്ത് രാജു ഓലിപ്പുറത്ത്മണ്ണത്തൂർ | കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ഡിപ്ലാമ , അക്ഷയ സെൻ്റർ |
| മിഥുൻ കെ, താണിച്ചുവട്ടിൽ വീട് | ECE, ഇമായം എൻജിനീയറിംഗ് കോളേജ് ട്രിച്ചി. |
| നിഖിൽ ബാബു വളവുംകുഴിയിൽ ഒലിയപ്പുറം | ഹോട്ടൽ മാനേജ് മെൻ്റ്.ശ്രീനാരായണഗുരു മെമ്മോറിയൽ കാറ്ററിംഗ് കോളേജ്. |
| അമല വിഎസ്, വളവിൽ, ഒലിയപ്പുറം, | ബി.എസ്.സി. മെഡിക്കൽ മൈക്രാബയോളജി |
| രഞ്ജിത്ത് ഗോപാലൻ ഇടക്കൽ, മണ്ണത്തൂർ | കമ്പ്യൂട്ടർ എൻജിനീയറിംഗ്, ഗവ.പോളിടെക്നിക്ക്. |
| ആതിര മനോജ് , കുഞ്ഞുകുന്നേൽ, മണ്ണത്തൂർ | എംകോം ,മണിമലകുന്ന കോളേജ് |
| മിഥുൻ കെ മുളയറ്റക്കോട്ടിൽ | എം.ബി.ബി.എസ്. |
| അഞ്ജലി തങ്കപ്പൻ, കറ്റിക്കുട്ടിൽ | ബി.എസ്.സി. (എം.എൽ.ടി.),യൂണിവേഴ്സിറ്റി കോളേജ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ |

ഇപ്രകാരം ലാപ് ടോപ്പ് നൽകിയതിനെ സാധൂകരിക്കുന്ന മാർഗ്ഗനിർദ്ദേശം ഹാജരാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും, മറുപടി ലഭ്യമാക്കിയിട്ടില്ല. കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകളിലല്ലാത്ത ഏഴ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകുന്നതിനായി ചെലവഴിച്ച 2,30,333/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

2015-16 ൽ സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

1.പ്രോജക്റ്റ് നമ്പർ എസ് 0076/16
പേര് വാട്ടർ റിച്ച് ഡിസ്ട്രിക്ട്
അടങ്കൽ 233561/-(ധനകാര്യ കമ്മീഷൻ ഗ്രാൻ്റ്)

ചെലവ് വിവരം 233561/-
ബിൽ നമ്പർ 663/16/05.03.16
വാട്ടർ റിച്ച് പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായ 233561/-രൂപാ ഡിഡി നമ്പർ 429229/29.02.16 പ്രകാരം ജില്ലാപഞ്ചായത്തിൽ അടവാക്കി(രസീത് നമ്പർ ബി 6219261/05.03.16)

2.പ്രോജക്റ്റ് നമ്പർ എസ് 0076/16
പേര് മൾട്ടിസ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ പഞ്ചായത്ത് വിഹിതം
അടങ്കൽ 78000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ് വിവരം 78000/-
ബിൽ നമ്പർ 666/16
മൾട്ടിസ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ പഞ്ചായത്ത് വിഹിതമായ 78000/-രൂപാ ഡിഡി നമ്പർ 429230/29.02.16 പ്രകാരം ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്(രസീത് 6219262/05.03.16)
ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

# 3-4 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

2015-16ൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

1.പ്രോജക്റ്റ് നമ്പർ എസ് 0058/16
പേര് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ നിർമ്മാണം
അടങ്കൽ 28000/-(tsp)
ചെലവ് വിവരം 28000/-
ബിൽ നമ്പർ 745/16 21.03.16
ബിൽ നമ്പർ 542/16 26.12.15
നിർവഹണ ഉദ്യോഗസ്ഥൻ അസി.സെക്രട്ടറി
കൂട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് വിഹിതമായ 28000/- രൂപാ (ഡി.ഡി. നമ്പർ 072630 / 31.12.2015 -18666/-, ഡി.ഡി. നമ്പർ 429407/19.03.16-9334/-) പ്രകാരം ഒടുക്കിയിട്ടുണ്ട്. 9334/- രൂപായുടെ സാംഖ്യയിലുള്ള കൈപ്പറ്റ് രസീതും, 28000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

2.പ്രോജക്റ്റ് നമ്പർ എസ് 0140/16
പേര് മുട്ടത്തുകുന്നേൽ കോളനി കുടിവെള്ള പദ്ധതി
അടങ്കൽ 490003/-(scp)
ചെലവ് വിവരം 490003/-
ബിൽ നമ്പർ 744/16 22.03.16
നിർവഹണ ഉദ്യോഗസ്ഥൻ അസി.സെക്രട്ടറി
എക്സിക്യൂട്ടീവ് എൻജിനിയർ വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ മൂവാറ്റുപുഴയുടെ എസ്റ്റിമേറ്റ് പ്രകാരം തുക അടവാക്കിയിട്ടുണ്ട്.(ഡി.ഡി. നം.429411 / 23.03.16). വാട്ടർ അതോറിറ്റി കൈപ്പറ്റ് രസീത് നം 474321/27.05.16. ഈ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

# 3-5 പാലിയേറ്റീവ് കെയർ പദ്ധതി വാഹന ഉപയോഗം - മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

പ്രോജക്റ്റ് നമ്പർ - 027/16
അടങ്കൽ – ₹.2,81,907/- (ധനകാര്യകമ്മീഷൻ അവാർഡ്)
ചെലവ് – ₹.2,81,907/-
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബിൽ നമ്പർ 1/15-16 | 59,751 |
| ബിൽ നമ്പർ 2/15-16 | 1,02,441 |
| ബിൽ നമ്പർ 3/15-16 | 19,870 |
| ബിൽ നമ്പർ 4/15-16 | 40,410 |
| ബിൽ നമ്പർ 5/15-16 | 59,435 |
| ആകെ | 2,81,907 |

1. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് ആബുലൻസ് ഓടിക്കുന്ന ഡ്രൈവർക്ക് ദിവസം 450/- രൂപാ നിരക്കിലും , നഴ്സിന് പ്രതിമാസം 10000/- നിരക്കിൽ ഓണറേറിയം, ഫോൺ ചാർജ്ജ് 200/- രൂപാ, ഭക്ഷണ ചാർജ്ജ് പ്രതിദിനം 180-250/- രൂപാ എന്ന നിരക്കിൽ,ഹോം കെയറിനായി പോയ ദിവസങ്ങളിൽ ഇന്ധനച്ചെലവ് പ്രതിദിനം 300/- രൂപാ നിരക്കിലും അനുവദിച്ചിട്ടുണ്ട്.
2. പാലിയേറ്റീവ് പരിചരണ മാർഗ്ഗ രേഖ 2015 ജി ഒ (ആർ ടി )3217/2015 തസ്വഭവ ,29.10.2015 ഖണ്ഡിക 2.6.5- വാഹന ഉപയോഗം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശ പ്രകാരം , ഓരോ തവണയും ഫുൾ ടാങ്ക് ഇന്ധനം നിറക്കുന്നതിനും , നിശ്ചിത സമയം ഫ്യുവൽ എഫിഷ്യൻസി ടെസ്റ്റ് നടത്തുന്നതിനും വ്യവസ്ഥ ചെയ്യുന്നു.
3. വാഹനത്തിന്റെ ലോഗ് ബുക്ക് കൃത്യമായി പരിപാലിക്കേണ്ടതാണ്.
4. ഈ മാർഗ്ഗ രേഖ പ്രകാരം 5(ബി) പാലിയേറ്റിവ് സന്ദർശനത്തിനായി വാഹനം ഓടിയതിന്റെ ചെലവ് തുക കണക്കാക്കി പാലിയേറ്റീവ് കെയർ പ്രൊജക്ടിൽ നിന്നും വാഹനത്തിന്റെ ചുമതലയുള്ള എച്ച് എം സി ക്ക് നൽകണമെന്ന വ്യവസ്ഥ കൃത്യമായി പാലിക്കേണ്ടതാണ്.
5. ഹോം കെയർ ടീമിന്റെ പ്രവർത്തനങ്ങളും , റിപ്പോർട്ടും, മേൽ ഉത്തരവ് ഖണ്ഡിക 2.6.3 പ്രകാരം ക്രമപ്പെടുത്തേണ്ടതാണ്.
6. ഭക്ഷണച്ചെലവ് പരമാവധി മൂന്നുപേർക്ക് ഒരാൾക്ക് ഒരു ദിവസം പരമാവധി 60/-രൂപാ എന്ന ക്രമത്തിൽ ചെലവ് ചെയ്യേണ്ടതാണ്.
7. ഗൃഹ സന്ദർശന വിവരങ്ങൾ ഉൾപ്പെടുന്ന ഹോം കെയർ റിപ്പോർട്ട് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.
8. പാലിയേറ്റീവ് കെയർ നഴ്സിന്റെ ഹാജർ ലീവ് എന്നിവ കൃത്യമായി സൂക്ഷക്കേണ്ടതുംഓഡിറ്റിനു ഹാജരാക്കേണ്ടതുമാണ്.

## 3-6 എസ് സി കുട്ടികൾക്ക് പഠനമുറി മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ – എസ് 0029/16
അടങ്കൽ – ₹.11,00,000/-
ചെലവ് – ₹.75.000/- (ബിൽ നം.771 / 23.03.2016)
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. സെക്രട്ടറി

GO(RT) 626/2016 LSGD 15.02.2016 പ്രകാരം നടപ്പാക്കേണ്ട ഈ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശപ്രകാരം 800 ചതുരശ്ര മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള വാസയോഗ്യമായ വീടുള്ള ബി.പി.എൽ. വിഭാഗക്കാരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് 120 ച.മീ. വിസ്തീർണ്ണമുള്ള പഠനമുറി നിർമ്മിക്കുവാൻ ഒരു ലക്ഷം രൂപ വരെ ധനസഹായം നൽകാവുന്നതാണ്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട എഞ്ചിനീയർ എടുക്കേണ്ടതും, അയതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കേണ്ടതുമാണ്. എന്നാൽ തിരുമാറാടി ഗ്രാമപഞ്ചായത്തിൽ 2015-16ൽ മൂന്നു

ഗുണഭോക്താക്കൾക്ക് ഈുമാനദണ്ഡങ്ങൾ പാലിക്കാതെ 25,000/- രൂപാ വീതം മുൻകൂർ അനുവദിച്ചതായി കാണുന്നു. ഇത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതും, ഗുണഭോക്താക്കൾ തുക വിനിയോഗിച്ചു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ 75,000/- രൂപാ തടസ്സത്തിൽ വയ്ക്കുന്നു.

## 3-7 എടായ്ക്കൽ ലിഫ്റ്റ് ഇറിഗേഷൻ - അപാകത - ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം./പേര് | S0 199/15 എടായ്ക്കൽ ലിഫ്റ്റ് ഇറിഗേഷൻ |
| അടങ്കൽ | 30,000- (13th FC) |
| ചെലവ് | 28019/- - |
| ബിൽ നം. | 9/15-16 തീ. 30/06/15, Amt.28019/- |
| എം ബുക്ക് നം | 43/14-15 |
| നിർവ്വഹണം | അസി. എഞ്ചിനീയർ |

ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന പരാമർശങ്ങൾക്ക് വിശദീകരണം നല്കിയിട്ടില്ല. ആയതിനാൽ 28,019/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

1. 2012 Schedule of rate പ്രകാരമാണ് (2014-15 വർഷത്തെ spill over) ഈ പ്രവൃത്തി നടത്തുന്നതിന് അംഗീകാരം നേടിയിട്ടുള്ളത്. എന്നാൽ ചെയ്തിരിക്കുന്ന ഇനം പ്രവൃത്തികൾക്ക് അപ്രകാരമുള്ള തുകയല്ല നല്കിയിരിക്കുന്നത്.
2. പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം / പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദാംശം എന്നിവ ഓഡിറ്റിൽ ഹാജരാക്കിയില്ല.
3. ജലസേചന പ്രവൃത്തികൾക്കുള്ള 10% ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ വിശദാംശം ഓഡിറ്റിൽ ഹാജരാക്കിയില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | മുട്ടത്തുകുന്നേൽ കോളനി കുടിവെള്ള പദ്ധതി | ഡി.ഡി.നം. 429411 /23.03.16 | 4,90,000/- | - | പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്.

ഈയിനത്തിൽ തുകയൊന്നും ചെലവില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS Loan | തിരിച്ചടവ്(A/C NO 279 ) | 41,00,000 | 13,66,859 | 9,94,059 | 51,740 | 3,93,303/- |
| EMS Loan | തിരിച്ചടവ്(A/C NO 298 ) | 4,15,000 | - | - | - | 48,849/- (പലിശ) |
| - | RDB ലോൺ | 6,50,819 | 2,48,178 | 66,241 | - | 1,81,937/- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ തൻവർഷം ലഭിച്ച 3167/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2013-14 | 3-8 | 3167/- | VEO | 11503101706 / 04.02.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

# 4-8 ഓഡിറ്റ് പ്രത്യവലോകനം ഓഡിറ്റ് പ്രത്യവലോകനം ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2,76,76,007 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,03,84,003 |
| വരവിനങ്ങളിലുള്ള നഷ്ടം | 900 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,74,149 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-1 | 900 | - | ടി.ജി.കനകാംബരൻ,<br>സെക്രട്ടറി-ഇൻ–ചാർജ്ജ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 11,237 | ലാൽ പ്രസാദ്, അസി. എഞ്ചിനീയർ |
| 3-2 | 2,30,333 | ടി.ജി. കനകാംബരൻ, സെക്രട്ടറി-ഇൻ–ചാർജ്ജ് |
| 3-3 | 3,11,561 | ടി.ജി. കനകാംബരൻ, സെക്രട്ടറി |
| 3-4 | 5,18,003 | ടി.ജി. കനകാംബരൻ, സെക്രട്ടറി |
| 3-6 | 75,000 | ടി.ജി. കനകാംബരൻ, സെക്രട്ടറി |
| 3-7 | 28,019 | ലാൽ പ്രസാദ്, അസി. എഞ്ചിനീയർ |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ

സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ടി.ജി. കനകാംബരൻ, സെക്രട്ടറി-ഇൻ-ചാർജ്ജ് | അസി.സെക്രട്ടറി, തിരുമാറാടി ഗ്രാമപഞ്ചായത്ത് | മൂലേപ്പറമ്പിൽ, ഓണക്കൂർ(പി.ഒ.) |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1987-88 | എൽ.എഫ്.ഇ.(പി.3)175/96/7.3.1996 |
| 1988-89 | എൽ.എഫ്.ഇ.(പി.2)1159/96/6.12.96 |
| 1996-97 | എൽ.എഫ്.ഇ.(പി.2)696/99/12.3.99 |
| 1997-98 | എൽ.എഫ്.ഇ.(പി.2)518/01/ 13.8.2001 |
| 1998- 99 മുതൽ 2000-01 വരെ | എൽ.എഫ്.ഇ.(പി.2)885/03/6.11.2013 |
| 2001-02 (പദ്ധതി) | എൽ.എഫ്.ഇ.(പി.2)1189/04/9.2.2005 |
| 2001-02 | എൽ.എഫ്.ഇ.(പി.1)1928/ 07/2.8.06 |
| 2002-03 | എൽ.എഫ്.ഇ.(പി.9)1340/10/ 23.5.2001 |
| 2003-04 | എൽ.എഫ്.ഇ.(പി.9)1342/10/ 23.5.2011 |
| 2004-05 | എൽ.എഫ്.ഇ.(പി.9)1342/10/ 5.5.2011 |
| 2005-06 | എൽ.എഫ്.ഇ.(പി.9)1343/10/ 14.9.2011 |
| 2011-12, 2012-13 | എൽ.എഫ്.ഇ.(പി.9)972/14/27.8.14 |
| 2013-14 | കെ,എസ്.എ.ഇ.കെ.എം.(പി.9)1504/15/09.09.2015 |
| 2014-15 | നം കെ.എസ് എ ഇ കെ എം (പി 9)1187/2016. dt.19.7.16 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം - 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2015-16

നം.കെ.എസ്.എ.-ഇകെഎം(പി9)2440/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in

തീയതി : 07.01.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

# APPENDIX – I

# AUDIT CERTIFICATE – 2015-16

No.KSA-EKM(P.9)2440/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 07.01.2017

Certified that I have audited the Annual Financial Statement of THIRUMARADI Grama Panchayat in Ernakulam District for the Financial Year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of THIRUMARADI Grama Panchayat for the Financial Year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director (H.G.)